(ഡി) 585 കർഷകരിൽനിന്നും സംഖ്യ വസൂലാക്കിയിട്ടുണ്ട്.

(ഇ) 2,560 തൊഴിലാളികൾക്കു ബാധകമാകത്തക്കവണ്ണം സംഖ്യ ഉടൻ കൊടുക്കിയിട്ടുണ്ട്.

(എഫ്) 7,73,700 രൂപ ചെലവായിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി

282 [309] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി എന്നാണ് പൂട്ടിയത്;

(ബി) ഇതിനുള്ള കാരണമെന്തായിരുന്നു;

(സി) പ്രസ്തുത ഫാക്ടറി തുറക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടെന്താണ്;

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിൽ 7-7-1985 മുതൽ തൊഴിലാളികളുടെ സമരംമൂലം പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

(ബി) ദീർഘകാല കരാർ ഉണ്ടാക്കുക, 1982-83, 1983-84, 1984-85 എന്നീ കാലഘട്ടങ്ങളിലെ ബോണസ് നിജപ്പെടുത്തുക, തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുക, പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി സമരം ആരംഭിച്ചതിനെ തുടർന്നാണ് ഫാക്ടറി പ്രവർത്തനം സ്തംഭിച്ചത്.

(സി) ഈ ഫാക്ടറി സ്തംഭനം ഒഴിവാക്കി തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി നിരവധി അനുരഞ്ജന സമ്മേളനങ്ങൾ, ലേബർ ഡിപ്പാർട്ടുമെൻറു തലത്തിലും ഗവൺമെൻറു തലത്തിലും നടത്തിയിട്ടുണ്ട്.

(ഡി) മാനേജുമെൻറിൻെറയും യൂണിയൻ നേതാക്കളുടേയും അഭിപ്രായ ഭിന്നതമൂലം തൊഴിൽത്തർക്കം ഒത്തുതീർപ്പിലെത്തിയിട്ടില്ല.

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുക്കുന്ന പ്രശ്നം ഇപ്പോൾ പരിഗണനയിലില്ല.

പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ

283 [310] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ എന്നാണ് പൂട്ടിയത്;

LIBRARY ARCHIVES Kerala Legislative Assembly